


little KITEs
യാനം
A Journey Through The Digital World
ജി.എച്ച്.എസ്.എസ്. മുതലമട


"I believe in intution and inspiration. Imagination is more important than knowledge. For knowledge is limited, whereas imagination embraces the entire world, stimulating progress, giving birth to evolution. It is strictly speaking, a real factor in scientific research."
-Albert Einstein-



# ആശംസ



മുതലമട ഗ്രാമപഞ്ചായത്തിലെ സാധാരണക്കാരായ ജനങ്ങളുടെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ പുരോഗതിയിൽ കാതലായ പങ്കുവഹിച്ച ഈ സരസ്വതി ക്ഷേത്രത്തിൽ 2018 – 19 അധ്യയനവർഷത്തിൽ അറിവിന്റെ വെളിച്ചംതേടിയെത്തിയ നിഷ്കളങ്കമായ ഒരു ഗ്രാമത്തിന്റെ ഭാവി തലമുറയ്ക്ക് നൽകിയ നിറവാർന്ന അക്കാദമികമുന്നേറ്റത്തിന്റെ പ്രതിഫലനത്തെ വിളിച്ചോതുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ നേർക്കാഴ്ച്ച നമുക്കുമുന്നിൽ പങ്കുവയ്ക്കാൻ നമ്മുടെ വിദ്യാലയത്തിന്റെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയാറായി എന്നത് അഭിമാനനേട്ടമാണ്. ലിറ്റിൽ കൈറ്റ്സ് തയാറാക്കുന്ന ഈ മാഗസിൻ വരാൻപോകുന്ന അധ്യയനവർഷങ്ങളിലും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രവർത്തനസജ്ജരാകാൻ പ്രചോദനം നൽകട്ടെ.

അറിവും അധ്വാനവും സാങ്കേതിക വൈദഗ്ധ്യവും സമന്വയിപ്പിച്ച കഴിവുകൾ ഒത്തിണങ്ങിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അതിന്റെ കരുത്തരായ സാരഥികൾക്കും ഭാവുകങ്ങൾ നേരുന്നു....

**ശ്രീമതി. എം. പി. ശൈലജ**
**ഹെഡ് മിസ്ട്രസ്**




# EDITORIAL BOARD





## എഡിറ്റോറിയൽ ബോർഡ്

അനീഷ്. കെ (എഡിറ്റർ )

അതുൽ എസ് നാഥ് (സബ് എഡിറ്റർ)

അനുസ്മയ. എം

ഷഹന ഷെയ്ഖ്. എസ്

അസ്ന ഫാത്തിമ. ഐ

സൽമീന. യു

ദീക്ഷിദ്. ബി

അനീഷ്. എൻ

## വഴികാട്ടികൾ

സുഗേഷ് .ടി

ഹരിപ്രിയ. എസ്

# എഡിറ്റോറിയൽ

സാങ്കേതികവിദ്യയുടെ അപാരതകളിലേക്ക് സർഗാത്മകതയുടെ തുള്ളികൾ ഇറ്റുവീഴുമ്പോൾ വിരിയുന്നത് നവകാലഘട്ടത്തിന്റെ നിറവസന്തം... അക്ഷരങ്ങളായും വരകളായും വർണങ്ങളായും ഭാവനയുടെ ഉണർവിൽ നിന്നുയിരെടുത്തതെല്ലാം കൂട്ടിച്ചേർത്ത 'യാനം '– A journey through the digital world.....ഓർമകളുടെ സുഗന്ധവും, അനുഭവങ്ങളുടെ തീക്ഷ്ണതയും, പുഞ്ചിരിനിലാവും കണ്ണീർച്ചൂടും, വിഹ്വലതകളും, ആശങ്കകളും വാക്കുകളിൽ ഇതൾവിരിയുന്ന സൃഷ്ടികൾക്കു ഡിജിറ്റൽ വിദ്യയുടെ പശ്ചാത്തലം കൂടിച്ചേരുമ്പോൾ ഒരു സ്വപ്നയാനത്തിന്നു തുടക്കമിടുകയാണ് ഈ നവസൃഷ്ടി . നന്മയിലേക്ക്, വെളിച്ചത്തിലേക്ക്, ആദ്യചുവടുവെയ്പാകാൻ കഴിഞ്ഞ സന്തോഷത്തോടെ... കൂടുതൽ വിശാലമായ ഡിജിറ്റൽ ലോകത്തിലേക്ക്... അക്ഷരങ്ങളും ഭാവനയും കൈചേർത്തുപിടിച്ചൊരു തുടർയാത്രയ്ക്ക് ലിറ്റിൽ കൈറ്റ്സിനൊപ്പം ഒരു സർഗയാനം....



# Zoom In...




പഠിക്കാനുള്ള ഏറ്റവും നല്ല വഴി പഠിപ്പിക്കുകയാണെന്ന ചൊല്ല് അക്ഷരാർത്ഥത്തിൽ ഞങ്ങൾക്ക് അനുഭവവേദ്യമായത് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തപ്പോളാണ്. ഐ ടി മേഖലയിലെ നൂതനസാധ്യതകളിലേക്ക് സ്വയം പോയി കൊണ്ട് കുട്ടികളെയും കൈപിടിച്ചുയർത്താനാകും എന്നത് കൈറ്റിന്റെ ഉത്തരവാദിത്തത്തിലേക്കെത്താനുള്ള പ്രചോദനമായിത്തീരുകയായിരുന്നു. ഭാവിയിലെ ഐ ടി വിദഗ്ധർക്ക് ആദ്യചുവടുവയ്പായി തുടങ്ങിയ കൈറ്റ് യൂണിറ്റിന്റെ ദ്രുതപുരോഗതി ഏറെ സന്തോഷം പകരുന്നതുമായിരുന്നു .

2018 ജൂണിൽ ആരംഭിച്ച കൈറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മൊഡ്യൂളുകൾക്കപ്പുറം വ്യാപിപ്പിക്കാനാകുന്നു എന്നതുതന്നെയാണ് ഇതിനെ വ്യത്യസ്തമാക്കുന്ന ഘടകവും. ക്ലബ് ഉദ്ഘാടനം,അസംബ്ളി,സ്പോർട്സ് തുടങ്ങി വിദ്യാലയത്തിലെ സ്മാർട്ട് റൂം , ഐ ടി ലാബ് പരിപാലന പ്രവർത്തനങ്ങളിലെല്ലാം ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സജീവ സാന്നിധ്യം നിറഞ്ഞു നില്ക്കുന്നു. ആഴ്ച തോറുമുള്ള സ്ഥിരം ക്ലാസ്സുകൾക്കപ്പുറം ആത്മവിശ്വാസത്തിന്റെ നിറവിലേക്ക് കുട്ടികൾ വളർന്നുവരുന്നത് ഏറെ പ്രതീക്ഷയും പകർന്നുനൽകുന്നു. ഇതിനപ്പുറം പരസ്പര സഹായത്തോടെയും അറിവിന്റെ പങ്കിടലുമായി വളർന്നു വരുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിലൂടെ ആത്മവിശ്വാസം വർധിക്കുകയും ചെയ്യുന്നത് എടുത്ത് പറയുകയാണ് .

പ്രത്യേക നിർദേശങ്ങളും നിർബന്ധങ്ങളുമില്ലാതെ ഒഴിവുസമയങ്ങളിൽ ലാബ് പ്രവർത്തനങ്ങളിൽ സജീവമാകുന്ന അംഗങ്ങൾ മറ്റ് വിദ്യാർത്ഥികൾക്കും, മാതൃകയാകുന്നു . ഇവരിലൂടെയും ഇവരുടെ സഹായത്തോടെയും ഡിജിറ്റൽ പെയിന്റിംഗ്, ആനിമേഷൻ മേഖലകളിലേക്ക് തത്പരരായി വരുന്ന യു പി വിദ്യാർത്ഥികൾക്കുള്ള പരിശീലനവും ഒഴിവുസമയങ്ങളിൽ നടക്കുന്നതും ഈ മേഖലയിലേക്ക് തത്പരരായെത്തുന്നവരുടെ എണ്ണം കൂടാനിടയാകുന്നു .

ടെക്നോളജിയുടെ പുതിയ ലോകത്തിലേക്ക് പ്രവേശിക്കാൻ പുതിയ ബാച്ച് ഒരുങ്ങുമ്പോൾ കൂടുതൽ ആത്മവിശ്വാസത്തോടെ ഞങ്ങളും മുന്നോട്ടേക്ക് .......

| | |
|---|---|
| **സുരേഷ് .ടി** | **ഹരിപ്രിയ. എസ്** |
| **കൈറ്റ് മാസ്റ്റർ** | **കൈറ്റ് മിസ്ട്രസ്** |



# പ്രളയം

ഒരു മഴയൊഴുകി  വന്നു ,
നാണം മറയ്ക്കുവോളം
പുഴയിങ്ങനെ നിവർന്നു കിടന്നു.
നഗ്നയായവളെ കണ്ടു
ചില വഴിപോക്കരവളുടെ
പഴമയും....പെരുമയും പറഞ്ഞു ചിരിച്ചു,
ചിലരവളെ നോക്കി ചൂളമടിച്ചു,
സഹതാപ കണ്ണയച്ചു,
മാറി നടന്നു വേറെ ചിലർ,
കണ്ടും കൊണ്ടും കേട്ടും മരവിപ്പിനിടയിലും ,
ഒരു മറയ്ക്കായ് ഉള്ളാലെ ,
നേർച്ച നീറ്റി കിടന്നവൾ .
ഉള്ളുപിടഞ്ഞിട്ടോയെന്തോ
മകളുടെ നാണം മറയ്ക്കാനായൊരുറവ ,
ചുരത്തി മലയുടെ മാറിടം .
ആദ്യം തുള്ളിക്കണക്കേ,
പിന്നെ തുള്ളികൾ ഒന്നൊന്നായി
ചേർന്നിങ്ങനെ നാണം മറച്ചു ഝടുതിയിൽ
ജീവരേഖകൾ തെളിഞ്ഞുടനെ
പരലും പുളവനും അവളുടെ
മടിയിൽ കുത്തിമറിഞ്ഞു  കളിച്ചു.
നീർകാക്കകൾ ജലക്രീഡകളാടി രസിച്ചു
ഇരുകരകളിൽ  നിന്നും
ചെറു സസ്യലതാദികൾ
കൺചിമ്മി തുറന്നു ,
പാൽപ്പല്ലുകൾ  കാട്ടി ചിരിച്ചു .
ഉന്മാദം പൂണ്ടവളപ്പോൾ
വഴിമറന്നൊഴുകിയൊഴുകി
ഈ നാടൊരു പ്രളയവും കണ്ടു.....

സുകന്യ .എസ്  (10-F)

# അമ്മതൻ നോവ്

അമ്മയെന്ന സ്നേഹത്തിന്റെ കുടിലിൽനിന്ന് പുനർജനിക്കുന്ന അമ്മയുടെ പൊൻവെളിച്ചമാണ് മക്കൾ. പൊൻവെളിച്ചം അണയാതിരിക്കാനായി കാത്തുസൂക്ഷിക്കുന്ന,മറഞ്ഞുനിൽക്കുന്ന ഒരു തണലാണമ്മ .നോവുകൾ അനുഭവിച്ചുകൊണ്ട് ഒരു പോറലുപോലും ഏൽക്കാതെ കാത്തുസൂക്ഷിച്ച് നൊന്ത് പ്രസവിച്ച കുരുന്നിനെ കൈകളിൽ എത്തിക്കുന്നു. ആ കുഞ്ഞുകുരുന്ന് അമ്മയുടെ നോവുകൾ അറിയാതെ പോവുന്നു. കാരണം, ചിന്തിക്കാനും തിരിച്ചറിയാനും പ്രായമാകാത്ത കുഞ്ഞു കുരുന്നായതുകൊണ്ടാണ്.

നൊന്ത് പ്രസവിച്ചനാൾ മുതൽ പാദങ്ങൾ മണ്ണിൽ ഉറപ്പിക്കാനും, അടിതെറ്റിവീഴാതെ ശ്രദ്ധിച്ച് അറിവിന്റെ ലോകത്തേക്ക് പടികൾ കയറുമ്പോൾ തെന്നിവീഴാതെ സൂക്ഷിക്കുന്നതും അമ്മയാണ്. വേദനകളും നോവുകളും അറിയിക്കാതെ സന്തോഷത്തിന്റെ കോണിലേക്ക് മക്കളെ നയിക്കുന്നതും അമ്മയാണ്. കഷ്ടപാടുകൾ അറിയാതെ സ്വന്തം മക്കളെ വാത്സല്യത്തിലൂടെയാണ് ഓരോ അമ്മമാരും ആവനാഴിയിലേക്കെത്തിക്കുന്നത്.അമ്മയെന്നത്, രണ്ടു വാക്കുകൾ മാത്രമല്ല അതിനുള്ളിൽ എന്തൊക്കേയോ മറഞ്ഞുകിടക്കുന്നുണ്ട്. അമ്മയെ വർണ്ണിക്കുകയാണെങ്കിൽ തുമ്പപ്പൂവിനോട് ഉപമിക്കണം. തുമ്പപ്പൂവ് എത്ര വെണ്മയാണോ അതുപോലെതന്നെ അമ്മയുടെ മനസ്സും. കാഠിന്യമേറിയ തലയോടിനുള്ളിൽ മസ്തിഷ്കത്തെ പൊതിഞ്ഞ മെനിഞ്ചസ് എന്ന മൂന്നു സ്തരപാളികളുള്ള ആവരണമുണ്ട് എന്നതുപോലെ തന്നെ ശൈത്യകാലത്ത് മക്കളെ പൊതിഞ്ഞ മാറോട് ചേർത്ത് സംരക്ഷിക്കുന്നതും അമ്മ തന്നെയാണ്. അമ്മയുടെ വാത്സല്യത്തിന് പകരം ഒന്നുമില്ല.ലോകത്തിൽ സ്വന്തം അമ്മയുടെ വാത്സല്യമാണ് വലുത്. അമ്മ സ്നേഹിക്കുന്നതുപോലെ മറ്റാർക്കും സ്നേഹിക്കാനോ വാത്സല്യം പകർന്നുകൊടുക്കാനോ സാധിക്കില്ല. പക്ഷേ നമ്മുടെ അമ്മമാർ നമ്മളെ പൊന്നുപോലെ സ്നേഹിക്കുന്നുണ്ട്. നമ്മൾ ഓരോരുത്തരും പഠിച്ച് വലുതായി നല്ല ജോലികിട്ടി വിവാഹം കഴിച്ചശേഷം സ്വന്തം ഭാര്യ പറയുന്നത് കേട്ട് നൊന്ത് പെറ്റ അമ്മയെ മാലിന്യങ്ങൾ, ചപ്പുചവറുൾ എന്നിവ എറിയുന്നതുപോലെ വൃദ്ധസദനങ്ങളിൽ കൊണ്ടുപോയി നടതള്ളുന്നു. പിന്നെ തിരിഞ്ഞുപോലും നോക്കുന്നില്ല. അവർക്ക് എന്ത് സംഭവിച്ചാലും മരണപ്പെട്ടാൽ പോലും മക്കൾ തിരിഞ്ഞുപോലും നോക്കുന്നില്ല. പെറ്റ അമ്മയുടെ വേദനയൊന്നും മറ്റാർക്കും അറിയില്ല. പെറ്റ മക്കളെ ഒരുപാട് ശുശ്രൂഷിച്ച വളർത്തി അമ്മയ്ക്ക് വാർദ്ധക്യം ബാധിച്ചതോടെ മക്കൾക്ക് ഒരു ഭാരമായി മാറുന്നു. ഇതെല്ലം കണ്ട് അമ്മയൊരുപാട് വേദന അനുഭവിക്കുന്നു . ഇതെല്ലാംകൊണ്ട് ഇപ്പോഴത്തെ അവസ്ഥയിൽ ലോകത്ത് വൃദ്ധസദനങ്ങൾ പെരുകുന്നു. അമ്മമാരുടെ വേദനയും നോവുകളും മനസ്സിലെ ഭാരവും പെരുകുന്നു.

ഇന്ദു. എസ് (10-B)

# Mom



**MOM there were a billion way to express my love for you, Because there is no way that can prove to be worthy.**

**God sent you to me as a special gift from above, to teach me life's lessons and shower me with your love.**

**To describe how much I love for all the times that I forgot to "THANK YOU " for all the special little things you do…..**

**I need to say "I LOVE YOU MOM" .**

**BUSHARA.S (X.E)**







പാലക്കാട് എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓർമ്മവരുന്നത് മലകളും വെള്ളിപാദസരങ്ങൾ വീഴുന്ന കുളങ്ങളും തലയുയർത്തി നിൽക്കുന്ന തെങ്ങിൻതോപ്പുകളും പച്ചപ്പുകൊണ്ട് മൂടിനിൽക്കുന്ന വയലുകളുമാണ്.

ഇതുപോലെ പാലക്കാട്ടിൽ നിറയെ സുന്ദരമായ കാഴ്ച്ചകളുണ്ട്. പശ്ചിമഘട്ടത്തിൽ ഒരു ഭാഗമായ , പാലക്കാടിന് സ്വന്തമായ മലകളിലൂടെ തഴുകി അകലുന്ന തണുത്ത കാറ്റും ,പാലക്കാട്ടിൽ ജീവിക്കുന്ന മനുഷ്യമനസുകളിൽ കുളിർമയും, സന്തോഷകരമായ വികാരങ്ങളും നൽകുന്നു. പാലക്കാട്ടിൽ "മാംഗോസിറ്റി" എന്നറിയപ്പെടുന്ന മനോഹരമായ സ്ഥലമാണ് മുതലമട. ഏപ്രിൽ മാസത്തിൽ വിഷു എത്തുമ്പോൾ തുടുത്തുനിൽക്കുന്ന മാമ്പഴങ്ങളും മഞ്ഞപരവതാനി വിരിച്ചതുപോലുള്ള കണിക്കൊന്ന പൂവും. കുളിരേകുന്ന അന്തരീക്ഷമാണ് നമ്മുടെ നാടായ പാലക്കാട്ടിൽ. .....

**ജിജീഷ്. എസ് (10-B)**



## മരണമേ,നിശ്ശബ്ദനായി വരാതിരിക്കുക......

''ഞാൻ മരണത്തെ വെല്ലുവിളിക്കുന്നു;
എന്നാൽ എനിക്ക് മരണത്തോട്
എതിരിടാൻ ഒരാഗ്രഹവുമില്ല;
ഞാൻ മരണത്തെ നേരിൽകാണണ-
മെന്ന് വാക്കുക്കൊടുത്തിട്ടുമില്ല.
ജീവിതം ഇന്നലെ,ഇന്ന്,നാളെ
എന്നു നീങ്ങുന്നു- പക്ഷേ,
മരണം ഒരു നിമിഷം മാത്രം.
എനിക്കിഷ്ടമുള്ളപ്പോൾ മരിക്കാൻ
കഴിയണം.
മരണമേ,നിശബ്ദനായി വരാതിരിക്കുക;
പറയാതെ കള്ളനെപ്പോലെ....നേരിട്ടു വരു
ധീരനെപ്പോലെ ,എന്നിട്ട് എന്നെ പരീക്ഷിക്കുക''.
“എന്തുകൊണ്ട് മരണം
ആഘോഷിക്കുന്നില്ല?
ജന്മദിനങ്ങൾപ്പോലെ.
മരണമാണ്
ആഘോഷിക്കേണ്ടത്
കാരണം നിങ്ങൾ
സ്വതന്ത്രനാവുകയാണ്...

ഭുവനേശ്വരി. ആർ (10-C)

# പ്രകൃതി മനുഷ്യർക്കു തന്ന സന്ദേശം

നമ്മുടെ കേരളം എത്ര മനോഹരമാണ്! ഹരിത വർണത്തിൽ മുഴുകി നിൽക്കുന്ന ഈ കേരളം എത്ര സുന്ദരമാണ്!പണ്ട് മനുഷ്യൻ പ്രകൃതിയെ എത്രമാത്രം സ്നേഹിച്ചോ അത്രമാത്രം പ്രകൃതിയും മനുഷ്യനെ സ്നേഹിച്ചിരുന്നു . മനുഷ്യൻ മറ്റു സഹജീവികളെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു . നദികൾക്കും ജലാശയങ്ങൾക്കും വായുവിനു വേണ്ടതും നമ്മുടെ ഭൂമിയിലുണ്ട് . മനുഷ്യന്റെ ആഗ്രഹങ്ങളെല്ലാം ഭൂമിയിലുണ്ട് . ഭൂമി മനുഷ്യരുടെ സ്വന്തം ആണ്. എന്നാൽ അത് ആരുടയും ആർത്തിക്കുള്ളതല്ല.ഭൂമി എല്ലാവർക്കും അവകാശപ്പെട്ടതാണ് .എല്ലാവരും പങ്കിടണം. പ്രകൃതി ഒരാൾക്കല്ല . മനുഷ്യർക്ക് തന്ന വരദാനമാണ് ഭൂമി എന്ന് പോലും അറിയാതെയാണ് മനുഷ്യർ മാലിന്യം കൊണ്ട് നിറയ്ക്കുന്നത് . മരങ്ങൾ വെട്ടിനശിപ്പിക്കുകയും ചെയ്തു ഭൂമിയെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു . നദികളെയെല്ലാം മണ്ണിട്ടു മുടി അവിടെ കെട്ടിടം നിർമിക്കുന്നു . പ്രകൃതി മനുഷ്യന് ശിക്ഷ നൽകിയതാണ് ഈ നാശനഷ്ടങ്ങൾ . കെട്ടിടങ്ങൾ നശിപ്പിച്ചു ഭൂമികൈയേറിയ മനുഷ്യർക്ക് തന്ന ഏറ്റവും വലിയ ശിക്ഷയാണ് . ഈ നാശനഷ്ടം നമ്മുടെ പൂർവികർ നമ്മുക്കായി മാറ്റിവെച്ച പ്രകൃതി വരും തലമുറയ്ക്ക് അവകാശമാണെന്ന് നാം ഓരോരുത്തരും ഒർക്കേണ്ടിയിരിക്കുന്നു എന്നതാണ് പ്രകൃതി മനുഷ്യർക്കു തന്ന സന്ദേശം .

നന്ദന.ആർ (7-D)



# കവിത ഒരു മരം



കാട്ടിലെ കിളികൾക്കും മരം വേണം
നാട്ടിലെ മനുഷ്യർക്കും മരം വേണം
പറക്കുന്ന തുമ്പിക്കും ചിരിക്കുന്ന കുഞ്ഞിനും
മരിക്കുന്ന വൃദ്ധനും മരം വേണം
ശ്വസിക്കുവാൻ പ്രാണനായ് മരം വേണം
കുടിക്കുവാൻ ജലമായ് മരം വേണം
വിശപ്പിന് പഴമായ് മരം വേണം
എരിയുവാൻ വിറകായ് മരം വേണം
വിണ്ണിന്റെ മഴയായ് മരം വേണം
മണ്ണിന്റെ ഉയിരായ് മരം വേണം
കണ്ണിന് കുളിരായ് മരം വേണം
ഞങ്ങൾക്ക് തുണയായ് മരം വേണം
വെട്ടല്ലേ വെട്ടല്ലേ വലിയോറെ
വിറ്റുകാശാക്കല്ലേ പെരിയോരെ
കാടിതു ഞങ്ങൾക്ക് വീടാണ്
വീട് മുടിക്കല്ലേ ഉടയോരെ

ഷാലിനി.കെ (8C)

# Little Kites memories

Little kites kerala infrastructure and technology for education. ടെക്നോളജി ലോകത്തിൽ ഏറ്റവും പ്രചാരണം ലഭിക്കുന്ന പേരാണ്, ലാപ്ടോപ്എങ്ങനെ ഉപയോഗിക്കണം എന്നറിയാതിരുന്ന കുട്ടികൾപോലും ഇപ്പോൾ ലാപ്ടോപ് ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യുന്നു. അതിൽ ഒരു അംഗമാണ് ഞാൻ. എന്നെപോലെയുള്ള ഓരോ കുട്ടിക്കും ഇത് ഭാവിയിൽ വളരെ ഉപയോഗപ്രദമായിരിക്കും. kites-ലെ ഓരോ പ്രവർത്തനങ്ങളും വളരെ എളുപ്പത്തിലും മനസ്സിലാക്കാൻ സാധിച്ചു. എനിക്ക് ഏറ്റവും ഇഷ്ടപെട്ട പ്രവർത്തനം മലയാളം ടൈപ്പിങ് ആണ്. കാരണം, വളരെ എളുപ്പമുള്ളതായിരുന്നു അത്. മാസ്റ്റേഴ്സ് ആയ സുഗേഷ് സാറും ഹരിപ്രിയ ടീച്ചറും എളുപ്പം മനസിലാകുന്ന രീതിയിലാണ് ക്ലാസുകൾ നൽകിയിരുന്നത്. കൈറ്റ്സ് ക്യാമ്പുകളിൽ നിന്നും കംപ്യൂട്ടറിനെക്കുറിച്ചു കൂടുതൽ അറിവുകൾ നേടാനായതും ആ അറിവുകൾ പങ്കുവച്ചതും മനോഹരമായ അനുഭവമായി.ലിറ്റിൽ കൈറ്റ്സ് എന്ന പരിപാടിമൂലം എനിക്ക് കുറേക്കൂട്ടുകാരെ ലഭിച്ചു . മാത്രമല്ല , it lab -ൽ കയറി പ്രവർത്തിക്കാനുള്ള അനുവാദവും ലഭിച്ചു .എനിക്ക് ഉപയോഗിക്കനായി 36 എന്ന നമ്പറുള്ള ഒരു ലാപ് ടോപ് നൽകി. അതിൽ ഞാൻ സ്വതന്ത്രമായി പരിശീലനം നടത്തി. കൈറ്റ്സിലെ ആദ്യത്തെ ബാച്ച് ആണ് ഞങ്ങൾ.അതിൽ ലീഡർ ആകാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചതും മറക്കാനാകാത്ത അനുഭവമായി.ഈ വർഷത്തെ ഏറ്റവും മികച്ച അനുഭവമാണ് ഇതിൽ നിന്നും കിട്ടിയത്.

കാവ്യ.എച്ച് (9-G)





Digital painting

Anusree. R (5-D)



Bobith. K.R. (7-D)

# സൗഹൃദം

ഹൃദയങ്ങൾ കീഴടക്കുന്ന സൗഹൃദങ്ങളെന്നും
സുഗന്ധമുള്ള പുഷ്പം പോലെയാണ്
അതൊരിക്കലും വാടാറില്ല കൊഴിയാറുമില്ല
എന്നും പൂത്തു വിടർന്നു നിൽക്കുന്ന
എന്നപോലെ സൗഹൃദത്തെയും
ഹൃദയത്തോട് ചേർക്കാം
ഒരിക്കലും വാടാതെ
ഒരിക്കലും കൊഴിയാതെ.....

*രഞ്ജുഷ. ആർ (10-D)*



# പ്രകൃതിയുടെ സന്ധ്യാസൗന്ദര്യം

സ്വർണപ്രഭയിൽ നിന്ന് മെല്ലെ മെല്ലെ വിണ്ണിനെമാറ്റി, ചെമ്പട്ടുടുത്തുകൊണ്ട് സിന്ദൂരപ്രഭയേകി പടിഞ്ഞാറേ ദിശയിലേക്ക് മനസില്ലാമനസോടെ യാത്രപറഞ്ഞ് ചുവടുറപ്പിക്കാതെ തെല്ലൊരു ദുഃഖത്തിൽ രാപാർക്കാനായി യാത്രതിരിക്കുന്ന സൂര്യൻ. മടങ്ങുന്ന സൂര്യൻ വിണ്ണിൽ നിന്ന് പതിയെ നടന്നു കലുമ്പോൾ കൂട്ടുപോവാനൊരുങ്ങുകയായി ആ സിന്ദൂരപ്രഭയും. അകലുന്ന ശോഭയിൽ വീണ്ടും കാണാം എന്ന പുഞ്ചിരിതൂകി സൂര്യനോട് യാത്രപറഞ്ഞ് ഇളംകാറ്റിലാടിയുലഞ്ഞുകൊണ്ടു കൈനീട്ടുന്ന മരങ്ങളും ചെടികളും. ഇരുട്ടിന്റെ കളിക്കൂട്ടുകാർ ഓടിയെത്തുമ്പോഴേക്കും തിരിച്ചു പോകാൻ മടിച്ചുതങ്ങിനിൽക്കുന്ന ഇത്തിരിവെട്ടത്തിൽ രാവന്തിയോളമുള്ള ചുറ്റിക്കറങ്ങലിനു ശേഷം തലചായ്ച് ച്ചൊന്നുമയങ്ങാൻ കൂട്ടിലേക്കു യാത്രതിരിക്കുന്ന പക്ഷിക്കൂട്ടങ്ങൾ. പൊന്നുപോലെ മിന്നുന്ന പകൽവെളിച്ചത്തിൽ ആരും കാണില്ലെന്നു ദുഃഖിക്കുകയും, സൂര്യന്റെ മടക്കയാത്രയിൽ ഒത്തിരി സന്തോഷിച്ച് ആകാശത്തേക്കോടിയെത്താൻ കൊതിയോടെ കാത്തിരിക്കുകയും ചെയ്യുന്ന അമ്പിളിമാമനും നക്ഷത്രക്കൂട്ടുകാരും. ഇരുട്ടിൽ കിടാക്കൾ പാരിലേക്ക് ഓടിയെത്താൻ തുടങ്ങുമ്പോഴും നിറം മങ്ങാതെ പരന്നുകിടക്കുന്ന ആകാശത്തിൽ നിന്ന് നമ്മെ നോക്കി പുഞ്ചിരിതൂകുകയായി ആ സന്ധ്യാ സുഹൃത്തുക്കളും. തെല്ലിടനേരം കൊണ്ടു പരക്കുന്ന കൂരിരുട്ടിൽ നിലാവിന്റെ ശോഭതൂകിക്കൊണ്ട് ആകാശത്തെ കൂട്ടുകാരെത്തുമ്പോൾ കാത്തിരിക്കുന്നു സൂര്യൻ അടുത്ത പ്രഭാതത്തിനായ്.....

**മീനു. എം (10-*B*)**

# അതിജീവനം



അതിജീവനം! ഈ വാക്ക് മലയാളിക്ക് പുതുമയല്ല! എത്രയോ കേട്ടിരിക്കുന്നു. എന്നാൽ  അടുത്തകാലത്ത് കേരളത്തിലുണ്ടായ പ്രളയത്തിന്റെ ഭീകരത  കണ്ട് മലയാളികൾ പകച്ചുപോയി  ഒത്തിരി  പേരുടെ ജീവനെടുക്കുകയും വീടുകളും കൃഷികളും   സ്വത്തുക്കളും നശിപ്പിക്കുകയും ചെയ് ത പ്രളയം ആരും  തന്നെ സ്വപ്ന്ത്തിൽ പോലും പ്രതീക്ഷച്ചതല്ല.ഒന്നാം ലോകമഹായുദ്ധത്തിൽ തകർന്ന ഇറ്റലിയും ജർമ്മനിയും അതിന്റെ ദുരന്തഫലങ്ങളെ നേരിട്ട്,പോരാടി അതിജീവിച്ചെങ്കിൽ  നമ്മുക്ക് ഏന്തുക്കൊണ്ട്  ഈ പ്രളയത്തെ അതിജീവിച്ചു  കൂടാ?

വാണിശ്രീ. പി (9-F)

# കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം

കേരളം ഇന്ത്യയിലെ മറ്റുപല സംസ്ഥനങ്ങൾക്കും പല കാര്യങ്ങൾക്കും മാതൃകയാണ് എന്നു പറയുന്നുണ്ട്. 'കേരള മോഡൽ' എന്ന പ്രയോഗം തന്നെ നിലനിൽക്കുന്നുണ്ട്.വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികസമത്വം എന്നീ കാര്യങ്ങളിൽ നാം ഏതു വികസിത രാജ്യത്തിലെ സമൂഹത്തിനോടും തുല്യം നിൽക്കുന്നു.എന്നാൽ ഈ നേട്ടങ്ങളെയും പിന്നോട്ടടിക്കുന്ന ചില പ്രവണതകളും ഇവിടെ വളർന്നു വരുന്നുണ്ട് അതിൽ പ്രധാനപ്പെട്ടതാണ് നാം എല്ലാം വാങ്ങി ഉപയോഗിക്കുന്നവരുടെ ഒരു സംഘമായി മാറി എന്നത് .ഇവിടെ ഒരു ഉപഭോഗസംസ് കാരം വളരെപ്പെട്ടന്ന് വളർന്നുവരുന്നു.എന്തൊക്കെയാണ് അതിന്റെ ലക്ഷണങ്ങൾ,കാരണങ്ങൾ, അതു വരുത്തി വയ്ക്കുന്ന ദോഷങ്ങൾ ഇവയെല്ലാം നമുക്കൊന്നു പരിശോധിക്കാം.കേരളം ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളെപ്പോലെ അടിസ്ഥാനപരമായി കാർഷിക സംസ്കാരം ഉൾക്കൊണ്ടിരുന്ന ഒരു സംസ്ഥാ നം തന്നെയാണ്. എന്നാൽ പല കാരണങ്ങൾ കൊണ്ട് ഇവിടെ നെൽകൃഷി ലാഭകരമല്ലത്ത ഒന്നായി.അതുകൊണ്ടു തന്നെ കർഷകൻ മാനിക്കപ്പെടേണ്ട വ്യക്തിയും അല്ലതായി . കൃഷിപ്പണിയിൽ നിന്ന് പലരും പിൻമാറി.നെൽപ്പാടങ്ങൾ തരിശിട്ടുകയോ മറ്റു കൃഷികൾക്ക് ഉപയോഗപ്പെടുത്തുകയോ ചെയ്തു തുടങ്ങി ഇതുകൊണ്ട്എന്തു സംഭവിച്ചു ? നമ്മുടെ ഭക്ഷ്യാവശ്യങ്ങൾക്കുള്ള ധാന്യങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടി വരുന്നു.

കൃഷി ഇന്ന് നാണ്യവിളകളുടെ കൃഷിയായി തീരുന്നതും ഇനി ഒരു കാരണമാണ് .പ്രധാനമായും റബ്ബർ കൃഷിയിലുള്ള ലാഭമാണ് കർഷകരെ ഇങ്ങനെ മാറിച്ചിന്തിക്കാൻ പ്രേരിപ്പിച്ച മുഖ്യ ഘടകം എന്നു കാണാം. നെല്ല് പാടങ്ങൾ പോലും നികത്തി റബ്ബർ നടാൻ കർഷകർ തയ്യറായി റബ്ബർ എന്നതു ഒരു ഭക്ഷ്യവസ്തു അല്ലല്ലോ...


നമ്മുടെ താമസരീതിൽ ഇതിന്റെ ആക്കം കൂടിയതായി കാണാം. കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നു മാറുകയും ധാരാളം വീടുകൾ ആവശ്യമായി വരുകയും ചെയ്തതും കൃഷിയിടങ്ങൾ വാസസ്ഥലങ്ങളായി മാറാൻ കാരണമായി. മുമ്പൊക്കെ നെൽകൃഷി ചെയ്യാൻ സൗകര്യമുള്ള ചതുപ്പു പ്രദേശങ്ങൾക്കായിരുന്നു വിലക്കൂടുതൽ. ഇന്ന് വീടുവയ്ക്കാൻ പറ്റിയ ഭൂമിക്ക് പൊന്നുവിലയായി. ഒരു പാടശേഖരവും അതിന്റെ കരയിൽ വീടും എന്നതായിരുന്നു നമ്മുടെ രീതി,ഇന്നോ?പാടത്തിനു പകരം റോഡ് എന്ന നിലയായി. മറ്റൊരു പ്രധാനപ്പെട്ട കാര്യം നമ്മുടെ തൊഴിൽ സംസ്കാരത്തിൽ വന്ന മാറ്റമാണ്. ശാരീരികാധ്വാനം ആവശ്യപ്പെടുന്ന ജോലികൾ ചെയ്യാൻ മലയാളി സന്നദ്ധനല്ലാതായി.അതിലും ഭേദം വിദേശത്തു പോയി ഏതെങ്കിലും ജോലി കണ്ടെത്തുക എന്ന മിഥ്യഭിമാനം വളർന്നു. (അവിടെ ഏതു ജോലിയും ചെയ്യാം എന്നത് വേറൊരുകാര്യം).

കൃഷി ഇല്ലാതായ മറ്റു നാട്ടുകളിലൊക്കെ വ്യവസായങ്ങൾ വളർന്നു വന്നു എന്നു കാണാം. എന്നാൽ കേരളത്തിൽ വ്യവസായിക വളർച്ചയും ഉണ്ടായില്ല. അതിനും സ്ഥലപരിമിതി ഒരു പ്രശ്നമായിരുന്നു. മറ്റു പല കാരണങ്ങളും കൂടി ഉണ്ടാകാം. അതിന്റെ ഫലമായി എന്തുണ്ടായി? അത്തരം ഉൽപന്നങ്ങളും നമുക്ക് മറ്റു പ്രദേശങ്ങളിൽ നിന്നു കൊണ്ടുവന്നാലെ ഉള്ളൂ എന്ന അവസ്ഥയായി ,എന്നിട്ടോ !ഏതൊരു പുതിയ ഉൽപന്നം വിപണിയിലെത്തിയാലും മലയാളി അതിൽ ആകൃഷ്ടനാകും. അതു സ്വന്തമാക്കും . (മൊബൈൽ ഫോണിന്റെ ഉപയോഗം ഏറ്റവും കൂടിയ സംസ്ഥാനം എന്ന ഖ്യാതി കുറേക്കാലം നമുക്കായിരുന്നു എന്നോർക്കുക )ഇതുകൊണ്ടെന്തുണ്ടായി? കമ്പനികൾ ഉൽപന്നങ്ങൾ ഉണ്ടാക്കിയാൽ ആദ്യം പരീക്ഷിക്കുന്നത് കേരളത്തിലാണ് എന്ന സ്ഥിതി വന്നു.ഇതിനൊക്കെ മലയാളിക്ക് എവിടെ നിന്നു പണം കിട്ടുന്നു. കൃഷിയില്ല വ്യവസായമില്ല പിന്നെ? നമ്മുടെ കുറച്ചു സഹോദരങ്ങൾ പുറം നാട്ടുകളിൽ ജോലി ചെയ്യുന്നുണ്ട് അവർ അയക്കുന്ന പണമാണ് പ്രധാന വരുമാനം .അവിടെ എന്തെ ങ്കിലും തൊഴിൽ കുഴപ്പം സംഭവിച്ചാൽ നമ്മുടെ അവസ്ഥ എന്താകും? പ്രവചിക്കാൻ വയ്യ.അതുപോലെ തന്നെ മറ്റൊരു പ്രശ്നമാണ് പുതുമയുടെ പിന്നാലെയുള്ള പരക്കം പാച്ചിലും. ആർത്തി ഒരു രോഗമാണ്.അതുകുറക്കാൻ നമുക്കുകഴയിഞ്ഞില്ലെങ്കിൽ അതു നമ്മെ മുക്കികൊല്ലും എന്നൊരു തിരിച്ചറിവോടെ അധ്വാനിക്കാൻ തയ്യാറുള്ള ഒരു സമൂഹം വളർന്നു വന്നാൽ കേരളം വാങ്ങിതിന്നുന്നവരുടെ നാടല്ലാതാകും.

ദേവിക. ജി (10-C)





# Teacher

Teachers are builders
For they help to build up their students
Teachers are moulders
For they mould the character
Teachers are artists
For they embellish the minds
Teachers are leaders
For their noble task is to lead
Teachers are lovers
For they love their students
Teachers are farmers
for they plough their mind
Teachers are harvesters
who gather the good in their children's heart
Teachers are 'Gift of God'
For they made for evens & odds

*BINSHAD.B (9-G)*

# അമ്മ മലയാളം

'ജനനി ജന്മഭൂമി'- ജനിച്ച നാട് അമ്മയ്ക്ക് തുല്യമാണ് എന്നർത്ഥം.മാതൃഭാഷയും അങ്ങനെ തന്നെ. 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ .......മർത്ത്യന പെറ്റമ്മ തൻ ഭാഷതാൻ' എന്ന വള്ളത്തോളിന്റെ പ്രശസ്തമായ വരികൾ കേൾക്കാത്ത മലയാളികൾ ഉണ്ടാവില്ലല്ലോ. മാതൃഭാഷയെ അമ്മയെപ്പോലെ കരുതി സ്നേഹിക്കുകയും ആദരിക്കുകയും വേണം. അമ്മയോടെന്നപോലെ മാതൃഭാഷയോടും പൊക്കിൾക്കൊടി ബന്ധമാണുള്ളത്.

ലോകത്തിലെ ഏറ്റവും മികച്ച ഭാഷ ഏതെന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളൂ-മാതൃഭാഷ. ഓരോ വ്യക്തിക്കും അവന്റെ മാതൃഭാഷയാണ് ഏറ്റവും മികച്ച ഭാഷ. അധ്യാപകന്റെ സഹായം കൂടാതെ,വ്യാകരണ ഗ്രന്ഥത്തിന്റെയോ നിഘണ്ടുവിന്റേയോ പിൻബലം ഇല്ലാതെ, ഒരാൾക്ക് സംസാരിക്കാൻ കഴിയുന്ന ഭാഷ മാതൃഭാഷ മാത്രമാണ് . അമ്മയുടെ മുലപ്പാലിനൊപ്പം ചെറുപ്പത്തിൽ തന്നെ മാതൃഭാഷ നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നു. മാതൃഭാഷയോടുള്ള ആത്മബന്ധം മനുഷ്യന് മറ്റൊരു ഭാഷയോടും ഇല്ല.

അമ്മയെ ദൈവത്തെപ്പോലെ കരുതി സ്നേഹബഹുമാനങ്ങൾ നൽകുന്ന പാരമ്പര്യമാണ് നമ്മുടെത്. എന്നാൽ മാതൃഭാഷയോടുള്ള പുതിയ തലമുറയുടെ മനോഭാവം അവഗണനയാണ് . മാതൃഭാഷയുടെ സംസ്കാരത്തെ അവഗണിക്കുവാൻ കഴിയില്ലെന്ന യാഥാർഥ്യം വിസ്മരിക്കരുത് . മാതൃഭാഷയെയും സംസ്കാരത്തെയും അവഗണിച്ചാൽ സാംസ്കാരിക ശൂന്യതയിലാവും നാം ചെന്നെത്തുക. സാംസ്കാരിക ബോധം നഷ്ടപ്പെട്ട ഒരു സമൂഹമായി നാം മാറിയാലുള്ള അവസ്ഥ എത്ര പരിതാപകരമാണ് എന്ന് ചിന്തിച്ചിട്ടുണ്ടോ? അത്തരമൊരു അവസ്ഥയിലേക്ക് നിപതിക്കാതിരിക്കണമെങ്കിൽ മാതൃഭാഷയും സംസ്കാരത്തെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാൻ നാം തയ്യാറാവണം. കേരളത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന പ്രാദേശികഭാഷയെന്ന പറഞ്ഞ് മാതൃഭാഷയെ അവഗണിക്കുന്നതിൽ അർത്ഥമില്ല. വിദ്യാഭ്യാസത്തിന്റെ ഏത് തലം വരെയും ബോധന മാധ്യമമാക്കാനുള്ള ശേഷിയും മലയാളത്തിനുണ്ട്. വിദ്യാഭ്യാസം മാതൃഭാഷയിൽ ആകുന്നതാണ് ഏറ്റവും ഫലപ്രദമെന്ന യാഥാർഥ്യം നാം കാണാതെ പോകുന്നു. ലോകത്തെവിടെയുമുള്ള പഠനം അവരുടെ മാതൃഭാഷയിലാണെന്ന സത്യം എന്തോ മലയാളികൾ മാത്രം ഇനിയും മനസ്സിലാക്കിയിട്ടില്ല .

കേരളീയർ മലയാളത്തെ അവഗണിച്ചാൽ പിന്നെ ആരാണ് മലയാളത്തെ സംരക്ഷിക്കുക . ശ്രേഷ്ഠഭാഷാ പദവി കിട്ടിയുതുകൊണ്ട് മാത്രം ഭാഷ സംരക്ഷിക്കപ്പെട്ടുകില്ല. കേരളീയരുടെ ഈ അവഗണന മൂലം പിൻക്കാലത്ത് ഭാഷയും സംസ്കാരവും നഷ്ടപ്പെട്ടവരായി നമുക്ക് ജീവിക്കേണ്ടിവരും ......

അനീഷ. എസ് (10-C)



# മഴ

എൻ പ്രിയ കൂട്ടുകാരി
നിൻ കരങ്ങൾ എന്നെ സ്പർശിക്കുന്നിതാ
നീയാണെൻ മായാലോകം
മനസ്സിൽ വിടരും സുന്ദരലോകം
എൻ പ്രിയ കൂട്ടുകാരി
നിൻ സാന്ത്വനം എനിക്കെന്നും
ആർദ്രമാം അലിവേകുന്നു.
എൻ സുഖ:ദുഖങ്ങളിൽ എന്നും നീയുണ്ടാവും
ഒരു നിഴലായ്
നിന്നാൽ ഞാൻ എന്നെ മറന്നിടുന്നു
നിൻ തൂവെള്ള പുഞ്ചിരി എന്നെ
ആകർഷിക്കുന്നിതാ
എൻ സുഖങ്ങളിൽ നീ സന്തോഷിച്ചു
എൻ ദു:ഖത്തിൽ നീ പങ്കുചേർന്നു
നിൻ സാന്ത്വന ശബ്ദം എനിക്കൊരു
കിളിക്കൊഞ്ചൽ പോലെയാണ്
എൻ ദു:ഖത്തിൽ നിൻ മിഴികൾ
നിറയുന്നത് ഞാനറിയുന്നു .
നീ എന്നെ അറിയുന്നത് പോലെ
നിന്നിൽ ഞാൻ ആനന്ദം കണ്ടെത്തുന്നു .
നീ എനിക്കൊരു നല്ല സുഹൃത്താണ്;
അന്നും ഇന്നും എന്നും.

രഞ്ജൂഷ -ആർ (10-D)




പരീക്ഷയുടെ ആ ദിവസം  പൊതുവെ ശാന്തമായിരിക്കും. പരീക്ഷയ്ക്ക് തൊട്ട് മുൻപ് തകർത്ത് പഠിക്കുന്നവർ,പഠിച്ചതൊക്കെ ഒന്നു കൂടി ഓർത്ത് നോക്കുന്ന ചിലർ , കൈയിലുള്ള കോപ്പി ഏതൊക്കെയെന്ന്  ഓർത്തുനോക്കുന്ന ഞാൻ,ജപിച്ച പേനയുമായി വരുന്ന ചിലർ. അന്നും രണ്ടു പേനയുണ്ടോ എന്ന് തിരക്കുന്നവരുമുണ്ട്. ഇന്ന്ഏത് ടീച്ചറാ ക്ലാസിൽ  വരുന്നത് എന്നതാ ഇനി അറിയേണ്ടത്. കണക്ക് ടീച്ചറാണേൽ പരീക്ഷ മുൾമുനയിൽ നിന്നെഴുതേണ്ടി വരും. എല്ലാവരെയും പോലെ എനിക്കും പേടിയാ കണക്കു ടീച്ചറിനെ.ക്ലാസിൽ കണക്കു ടീച്ചർ വരല്ലേ എന്ന് സകല ദൈവത്തെയും വിളിച്ച് ഞാനും ക്ലാസിലേക്ക് ചെന്നു.ബെല്ലടിച്ചിട്ടും പഠിത്തം നിർത്താത്ത വേറെ കുറേയെണ്ണം വരാന്തയിൽനിന്നിരുന്നു. കുറച്ചു കഴിഞ്ഞ് ടീച്ചർ വന്ന് എല്ലാവർക്കും  ചോദ്യപേപ്പർ  തന്നു. ചോദ്യപേപ്പർ കൈയിൽ കിട്ടിയാൽ മൊത്തമൊന്നു വായിക്കണം  എന്നു ടീച്ചർ പറഞ്ഞത് മറന്ന്, ചോദ്യ പേപ്പർ വാങ്ങിയ ശേഷം പ്രാർഥിക്കുന്ന പഠിപ്പിസ്റ്റ്. ആംഗ്യഭാഷയിൽ ചിലർ ഓരോന്ന ചോദിച്ചും പറഞ്ഞും എഴുതി തുടങ്ങി നല്ല അന്തസ്സായിട്ട് തെറ്റ് ഉത്തരം പറഞ്ഞു തരുന്ന ചങ്ങാതിയും ഉണ്ട്.

"ടീച്ചർ പേപ്പർ" എല്ലാവരെയും ഞെട്ടിച്ച് കൊണ്ടുള്ള   പഠിപ്പിസ്റ്റിന്റെ വാക്കുകൾ. അപ്പോഴും ഒരു പേജ് പോലും എഴുതിതീരാത്ത ഞാൻ. വല്ലതുമൊക്കെ പഠിക്കേണ്ടതായിരുന്നു എന്ന തോന്നൽ.പിന്നീടുള്ള നിമിഷങ്ങളിൽ ചോദ്യ പേപ്പർ എന്റെ കലാവിരുത്തിൽ പൂത്തുലഞ്ഞു. അവസാനം പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങി ഒന്നും എഴുതാതെ വിഷമിക്കുന്ന ഞാൻ. ശരിക്കുള്ള വിഷമം ഇതൊന്നുമല്ല നാളെ കണക്കു പരീക്ഷയാ.

*അസ്ന ഫാത്തിമ   (9-B)*



# നദി

അന്നവളോടാരോ  ചൊല്ലി
ഇന്നു നിൻ ഒഴുക്കിനെന്തൊരു ഭംഗി
തൊട്ടുതലോടി മുട്ടിയിരമ്പി സംഗീതമുയർത്തുമാ
നിന്റെയാ ചേല് പറഞ്ഞാലും തീരാത്തൊരഴകാണ്
ഈ മധുവൂറും വാക്കുകൾ കേട്ടതിനാലാണോ
എന്നറിഞ്ഞു കൂടാ അന്നവളുടെ  ആഹ്ലാദം
അഹന്തയായി മാറി
അന്നൊരുപാടു ജീവിതം നിന്നെനോക്കി
കണ്ണിരുവാർത്തു, നിന്നെ ശപിച്ചു
അതോർത്ത് ഞാൻ യാചിപ്പു
കനിഞ്ഞിടണേ ഇനിയെങ്കലും നീ....

ആതിര. എ (10-D)

# പഠനമെന്നാൽ....

അറിവിന്റെ നിർമാണമാണ് പഠനം. കുറേയധികം വിജ്ഞാനശകലങ്ങൾ കാണാതെ പഠിച്ച് ഓർമയിൽ സൂക്ഷിക്കുന്നത് പഠനമാണ് എന്ന് ഇന്നാരും അംഗീകരിക്കുകയില്ല. അവശ്യങ്ങൾക്കനുസരിച്ച് വഴികൾ കണ്ടെത്താനുള്ള കഴിവാണ് മനുഷ്യനു വേണ്ടത്. അത് സമൂഹവുമായി ഇടപെടുന്നതിലൂടെ വളർത്തിയെടുക്കുന്ന ശേഷിയുമാണ്. ബുദ്ധിയാണ് മനുഷ്യന്റെ ശക്തി. ഈ ശക്തി സന്ദർഭത്തിൽ പ്രയോഗിക്കുകയാണ് വേണ്ടത്. ഇത് അറിയണമെങ്കിൽ മനുഷ്യന്റെ ബുദ്ധിവികസിച്ചത് എങ്ങനെ എന്ന് ആലോചിച്ചാൽ മതിയാകും. പ്രാകൃതയുഗത്തിൽ പ്രകൃതി പ്രതിസന്ധികളുമായി മല്ലടിക്കേണ്ടിവന്നപ്പോൾ അതിന് മറ്റുജീവികളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യനുണ്ടയിരുന്നത് ബുദ്ധിശക്തിയാണ്. അതിന്റെ പ്രയോഗം ഓരോ സന്ദർഭത്തിലും അവനെ അതിജീവിക്കാൻ കഴിവുള്ളവനാക്കി എന്നു പറഞ്ഞാൽ പ്രശ്നപരിഹരണമാണ് പഠനത്തിന്റെ ആധാരം എന്നു പറയാം. പ്രശ്നം തിരിച്ചറിയനും വിശകലനം ചെയ്യാനും ഉചിതമായ പോംവഴി കണ്ടത്താനും ശ്രമിച്ചുകൊണ്ടാണ് മനുഷ്യൻ മുന്നേറിയത്. അത്തരം പ്രവർത്തനങ്ങളെല്ലാം മനുഷ്യന്റെ ബുദ്ധിശക്തിയുടെ വികാസത്തിലേക്കു വഴി തെളിച്ചു . ഇപ്പോഴും അതുതന്നെയാണ് ബുദ്ധിവികാസത്തിനുള്ള വഴി എന്നും കാണാം.



ഗോപിക (6D)


അതുല്യ. ആർ (10-F)

# വെറുതെ ഒരു സ്വപ്നം

ഒഴുകുന്ന പുഴകളും തഴുകുന്ന തെന്നലും
പൂക്കൾ ചിരിക്കുന്ന പൂങ്കാവനങ്ങളും
തലോടലേകുന്ന ഗിരിനിരിക്കൂട്ടവും
കുയിലുകൾ കൂകുന്ന കളനിസ്വനങ്ങളും
ചാഞ്ചാടിയാടുന്ന നെൽക്കതിർക്കൂട്ടവും
കാറ്റിലിളകുന്ന കേരവൃക്ഷങ്ങളും
കേട്ടതേയുള്ളൂ ഞാൻ കണ്ടതില്ലൊന്നുമേ
കണ്ടത് സത്യത്തിൽ ദുഃഖമായ് ചൊല്ലുവാൻ ..
മലിനജലമൊഴുക്കുന്ന പുഴകളായ് മാറുന്നു
വിഷവാതകത്തിന്റെ ഗന്ധം മണക്കുന്നു
മലകളോ തകരുന്നു വനമിന്നു മരുഭൂമി
യലേല വെറുതെ കിടക്കുന്നു നിശ്ചലം
വെറുതെ ഞാൻ കാണുന്ന സ്വപ്നത്തിലിനിയെന്ന്
തിരികെയുണ്ടുന്നോരാ പഴമതൻ കാലവും.....

അതുല്യ.ആർ (10-F)



# I LOVE RAIN

I Love Rain
I Like to play in Rain
My mom say no
What shall I do
Oh! What shall I do!
I Love Rain
I Like to dance in rain
my dad says no
what shall I do
oh! What shall I do!

Sidharth.B (5-C)

# കുട്ടു കുടുംബം



ഒരു കുടുംബത്തിൽ അച്ഛൻ ,അമ്മ ,മൂന്ന പെൺകുട്ടികൾ .അവർ കുടിലിലാണ് താമസിച്ചത് .പക്ഷെ,ആ വീടിനു മുൻവശത്തായി ഒരു ഓട്ടുപുര ഉണ്ടായിരുന്നു .അതിൽ താമസിക്കാതെ അച്ഛൻ തന്റെ രണ്ടു അനിയന്മാർക്ക് താമസിക്കാൻ ഇടം കൊടുത്തു . ഭക്ഷണം കഴിക്കുമ്പോൾ എല്ലാവരും ഒരുമിച്ചിരുന്നാണ് കഴിക്കുക .കഴിച്ചതിനു ശേഷം എല്ലാ കുട്ടികളും ചേർന്ന് പലതരം കളികൾ കളിച്ചിരുന്നു .അങ്ങനെ രണ്ടു അനിയന്മാരും വീട് കെട്ടി. ഒരാളുടെ വീട് പണി പൂർത്തിയായി .അതിൽ അവർ താമസിക്കാനും തുടങ്ങി .മറ്റൊരാളുടെ വീട് തേച്ചാൽ മതി.അതിനും മുൻപായി അവർ അതിൽ താമസിച്ചു .ഒൻപതു മാസം കഴിഞ്ഞപ്പോൾ ഞങ്ങളും ഇല്ലാത്ത പൈസ എല്ലാമുണ്ടാക്കി വീട് കെട്ടാൻ ആരംഭിച്ചു .അസ്ഥിവാരം കെട്ടിയപ്പോൾ തന്നെ പൈസ ഇല്ലാതെ അത് നിർത്തിവച്ചു .മൂന്നു മക്കളിലെ അവസാനത്തെ മകൾ സങ്കടത്തോടെ ഇരിക്കുന്നത് കണ്ട ചേച്ചി എന്താണ് എന്ന് ചോദിച്ചു . ചേച്ചി ....ഇനി നമ്മൾ എപ്പോഴാണ് ഒരു വീടുകെട്ടുക .അപ്പോൾ അച്ഛൻ പറയും, ഇതിനേക്കാൾ വലിയ വീട് കെട്ടാം. കുറച്ച് ദിവസം കഴിയട്ടെ എന്ന് പറഞ്ഞു സമാധാനിപ്പിക്കുമായിരുന്നു .പിന്നെയും പണി ആരംഭിച്ചു അത് രണ്ടു നിലവരെയായി .ഏകദേശം പണിയെല്ലാം പൂർത്തിയായി .ആദ്യം ഇരുന്ന കുടിലിന്റെ പുറകിലാണ് വീട് കെട്ടുന്നത് .ആ വീടിന്റെ പണി പൂർത്തിയായാൽ ഈ വീട് പൊളിക്കും എന്ന് പറഞ്ഞപ്പോൾ സങ്കടം തോന്നി .അപ്പോഴാണ് മനസിലായത് വീട്ടിലൊന്നും കാര്യമില്ല .കൂട്ടുകുടുംബം അകന്നപ്പോളാണ് സ്നേഹത്തിന്റെയും കുടുംബത്തിന്റെയും വില അറിയുന്നത് .

*റിഫാന.എൽ (8G)*



# നവകേരളം

ചാരുതനിറയും കേരളമേ
അമ്മയായ് കാത്തീടുന്നു എന്നെ
നിൻ സ്നേഹം തന്നു പുലർത്തിയെന്നെ
എന്നാൽ , മനുഷ്യർ എന്ന നിൻ മക്കൾ
നിന്നെത്തന്നെ അക്രമം നടത്തി
പ്രകൃതി എന്ന നിൻ ജീവനേ
താറുമാറാക്കി പിഴതെടുത്തു
സഹിക്കാവുന്നത്രെ നിൻ കോപത്തെ
അവർ പരീക്ഷിച്ചപ്പോൾ
തിരിച്ചടിച്ചു നീ പ്രളയമായി
കോടി നഷ്ടങ്ങളും കഷ്ടങ്ങളും തന്നു നീ,
കലിയടങ്ങാതെ തകർത്തു നീ എന്നിട്ടും
നിൻ മക്കൾ എല്ലാം ജാതിയും മതവും
നോക്കതെ കൈകോർത്തുനിന്നു
ഒരു നവകേരളത്തിനായ്.

ഫർദാന (9-G)



# തേന്മൂറും ഓർമകൾ

എന്റെ സ്കൂൾ കാലത്തെ ഒരു ചെറിയ ഓർമ്മ ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്.ഇപ്പോഴും എപ്പോഴും ഞാൻ അത് ഓർത്തുകൊണ്ടിരിക്കുന്ന ഒരു ചെറിയ കാര്യം.ഞാന് 9-ാം ക്ലാസിൽ പഠിക്കുന്ന സമയം.അപ്പോൾ കൂട്ടുകാരോട് തമാശ പറഞ്ഞിരിക്കുകയായികുന്നു. പെട്ടന്നായിരുന്നു എന്റെ ക്ലാസ് സാർ കടന്നുവന്നത്.എല്ലാവരും തകിടം മറിഞ്ഞ് അവരവരുടെ സീറ്റിലേക്ക് പോയിരുന്നു.ക്ലാസ് ഫസ്റ്റിനെ സാർ തിരഞ്ഞെടുത്തിട്ട് പറഞ്ഞു ഒരു സെമിനാർ ഉണ്ട് 'പനങ്ങാട്ടിരിയിൽ',സ്വച്ച്ഭാരതാണ് വിഷയം.പോകാൻപറ്റുമോ?അപ്പോൾ അവൾ പറഞ്ഞു വേണ്ട സാർ വേണ്ട എന്ന് പറഞ്ഞുകൊണ്ട് എന്നെ കൈചൂണ്ടി കാണിച്ചിട്ട് പറഞ്ഞു അവൾ പോകും. അപ്പോൾ സാർ എന്നോട് ചോദിച്ചു പോകാമോ?ഞാൻ അപ്പോൾ എന്റെ അമ്മയുടെ വാക്കുകൾ ആലോചിച്ച ു.ഏതൊരു ചാൻസും പാഴാക്കരുത്.ഞാൻ സാറിനോട് പറഞ്ഞു 'പോകാം. 'തയാറെടുത്തോ' ആ ഒരു വാക്ക് സാറിൽനിന്ന് എപ്പോൾ കിട്ടിയോ അപ്പോൾ മുതൽ ഞാൻ തയാറെടുത്തു തുടങ്ങി.വീട്ടിൽ പോയലും ഇതിന്റെ ചർച്ചയാണ ്.അഞ്ചു മിനിറ്റുകൊണ്ട് കഴിയണം എന്ന് സാർ പറഞ്ഞിരിന്നു അതോർത്ത് വാച്ചിന്റെ മുന്നിലും കണ്ണാടിയുടെ മുന്നിലും ഒരുപാട് പ്രാവശ്യം പറഞ്ഞുനോക്കി എന്നാലും പേടി ഉണ്ടായിരുന്നു.എന്റെ കൂടെ ഒരു ടീച്ചർ വരാമെന്ന് പറഞ്ഞിരുന്നു.അത് എന്നെ കുറച്ചു കൂടി ധൈര്യപ്പെടുത്തി.

പിറ്റേദിവസം ഒരുയാത്ര പനങ്ങാട്ടിരിയിലേക്ക് ആദ്യം ബസ്സിൽ പിന്നെ ഓട്ടോറിക്ഷയിൽ. പനങ്ങാട്ടിരിയിൽ ഒരു സ്കൂളി ളിലായിരുന്നു പരിപാടി . അകത്തേക്ക് കയറുമ്പോൾ വലതുകാൽ വയ്ക്കണം. എന്നായിരുന്നു ഞാൻ വിചാരിച്ചത്.പക്ഷേ നടന്നുവന്നപ്പോൾ ഇടതുകാലായി പോയി.അപ്പോൾ തന്നെ എന്റെ മനസ്സ് ഡിം..... അവിടെ ഒരുപാട് ടീച്ചർമാർ എന്നെ സ്വാഗതം ചെയ്തു അപ്പോൾ തുടങ്ങി ടെൻഷൻ.അവിടെ എന്നെയും ഉൾപ്പെടുത്തി ഏഴുപേര് ഉണ്ടായിരുന്നു.അതിലൊരാൾ എനിക്ക് ഏറ്റേഇഷ്ടപ്പെട്ട ടീച്ചറുടെ മോനായിരുന്ന ു.അതിനുശേഷം ഒരു ടീച്ചർ എന്നെ വിളിച്ചു.ഞാൻ പോകുകയും ചെയ്തു.അവിടെ ആ ടീച്ചർ ഒരു കടലാസുപേപ്പറിൽ ഒന്നുമുതൽ ഏഴുവരെ എഴുതി കുലുക്കിയിട്ടു .എന്നിട്ട് എന്നോട് ഒന്നെടുക്കാൻ പറഞ്ഞു, ഞാൻ ഒരു പേപ്പർ എടുത്തു.ഒന്നാം നമ്പർ ആയിരിക്കണം എന്നിട്ട് ഞാൻ നന്നായി പറയണം.

പറ്റമെന്ന് ഞാൻ സ്വയം തീരുമാനമെടുത്തെങ്കിലും എന്റെ കണ്ണ് വേണ്ടാ...എന്ന് പറഞ്ഞുകൊണ്ട് പൊട്ടിക്കരഞ്ഞു.അപ്പോൾ അവിടെയുള്ള ഒരു സാർ എന്നോട് സ്വച്ഛ് ഭരത് എന്ന വിഷയവുമായി ചോദ്യം ചോദിച്ചു.അതിനെല്ലാത്തിനും എനിക്ക് ഉത്തരം പറയാൻ പറ്റിയെങ്കിലും ഞാൻ തോറ്റു എന്ന് എന്റെ മനസ്സ് പറഞ്ഞു.എന്റെ സാർ ഇതിനു വേണ്ടി എനിക്ക് ഒരുപാട് പറഞ്ഞുതന്നിരുന്ന ു.അതെല്ലാം പോയി.... എന്റെ ജീവിതത്തിലെ ഏറ്റവും വലിയ തോൽവി അതാണെന്ന് തോന്നിപോയി.എന്റെ കൂടെ വന്നടീച്ചർ എന്നെ സമാധാനിപ്പിച്ചെങ്കിലും എനിക്ക് സമാധാനം തോന്നിയില്ലാ.കാരണം ഒരു അവസരം ഞാൻ പാഴാക്കി.എന്റെസ്കൂ ളിലെ തന്നെ എന്നെയാണ് ഇതിന് തിരഞ്ഞെടുത്തത് അത് ഞാൻ കളഞ്ഞു.ഒരു തോൽവി ഞാൻ അവിടെ ഉണ്ടാക്കി എങ്കിലു ം,മറ്റുള്ളവരോട് അവിടത്തെ സാർ ചോദിച്ച പുതിയചോദ്യവും ഉത്തരവും എനിക്ക് അറിയാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.പരാജയമാണ് വിജയത്തിന്റെ മുന്നോടി എന്ന പഴഞ്ചൊല്ലിനെ ആധാരമാക്കി ഈ തോൽവി അതിജീവിക്കാനുള്ള വലിയ വിജയം കൈവരിക്കും എന്നുള്ള ആത്മവിശ്വാസവും എനിക്ക് അവിടെ നിന്ന് കണ്ടെത്താൻ കഴിഞ്ഞതിൽ ഞാൻ ഏറേ സന്തോഷിക്കുന്നു.

നിവേദിത.ആർ (10B)





# ലോകം

അത്ഭുതകളുടെ ലോകം
വിസ്മയങ്ങളുടെ ലോകം
നിഗൂഢതയുടെ ലോകം
ലോകം എങ്ങനെ പരിണമിച്ചു
എന്നറിയാൻ മനുഷ്യൻ ശൂന്യാകാശം
തേടി പോകുന്നു, അതിനുള്ളിൽ
കാണാകാഴ്ചകൾ അവൻ കണ്ടു
ഭൂമി പ്രപഞ്ചത്തിൽ തന്നെയൊരു
കണികയാണെന്നും മനുഷ്യനും ജീവജാലങ്ങളും
അതിലൊന്ന് മാത്രമെന്നവൻ മനസ്സിലാക്കി
ഇനിയെന്തെല്ലാം കാഴ്ചകൾ കാണാൻ പോകുന്നു-
വെന്നും അറിയില്ലയെന്നാലും മടങ്ങിടുന്ന-
മ്മതൻ മടിത്തട്ടിലേക്കവനെന്നും .....

**സഞ്ജിത്ത്.പി .ആർ (8C)**



KARTHIKA. R (5-d)



# NATURE

Nature is beautiful
Nature is fun
Love it or hate it
Nature is something to love
Nature is god's gift to us
Nature  Nature
We  love it and feed nature
Nature waters and feeds us
God gave us nature
We can't live without it
Nature makes us  complete.

**Hareesh.S (9G)**



# ക്യാമറ കണ്ണുകളിലെ അനുഭവം



ലിറ്റിൽ കൈറ്റ്സ് എന്ന പ്രോഗ്രാം ഇപ്പോൾ പട്ടം പോലെ ഉയരങ്ങളിലേക്ക് പറക്കുകയാണ്. കൈറ്റ്സ് പ്രവർത്തനങ്ങൾ നടക്കുന്നത് തികച്ചും വ്യത്യസ്തമായരീതിയിലാണ്.ഇതിൽവി ക്യാമ്പുകളും ക്ലാസ്സുകളും ഉണ്ടായിരുന്നു. ലിറ്റിൽ കൈറ്റ്സ് ക്രിസ്തുമസ് ക്യാമ്പും നടത്തിയിരുന്നു. ഇതിൽ എനിക്കും എന്റെ മൂന്നു കൂട്ടുകാർക്കുമായിരുന്നു പങ്കെടുക്കാൻ അവസരം ലഭിച്ചത്. കൊട്ടുവായൂർ സ്കൂളിൽ വച്ചായിരുന്നു ക്യാമ്പ് നടന്നത്. ക്ലാസ് എടുക്കുന്നതിനായി രാജാസ് സ്കൂളിലെ ഗോപകുമാർ സാറും പ്രദീപ് സാറും വന്നിരുന്നു..

ഒരു കളിയിലൂടെയാണ് ക്ലാസ് ആരംഭിച്ചത്. പിന്നീട് പത്രവാർത്ത എങ്ങനെ ചെയ്യാമെന്ന് പറഞ്ഞുതന്നു. അതിനുവേണ്ടി രണ്ടു മൂന്ന് വീഡിയോ കാണിക്കുകയും കൊട്ടുവായൂർ സ്കൂളിലെ പത്രവാർത്ത തയാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതിനായി ആദ്യം ഞങ്ങളോട് വിഷയം എഴുതാൻ പറഞ്ഞു.' കൊട്ടുവായൂർ സ്കൂളിലെ തണൽമരങ്ങൾ' എന്നായിരുന്നു വിഷയം. വീഡിയോകളും ചിത്രങ്ങളും എടുക്കുന്നതിനായി ക്യാമറയുടെ ഭാഗങ്ങളും അത് എങ്ങനെ ഉപയോഗപ്പെടുത്താം എന്നും പറഞ്ഞുതന്നു.

ഈ ക്യാമ്പിലൂടെയാണ് ഞാൻ ആദ്യമായി ക്യാമറയെ സ്പർശിക്കുന്നതും വീഡിയോകൾ എടുക്കുന്നതും.ഇതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ടായി.ഈ ക്യാമ്പിലൂടെ വീഡിയോ എഡിറ്റിങ്, വോയ്സ് റെക്കോഡിങ്, പത്രവാർത്ത തയാറാക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ മികച്ചരീതിയിൽ പഠിക്കാൻ സാധിച്ചു. ക്യാമ്പിലെ പ്രവർത്തനങ്ങൾ മികച്ചരീതിയിൽ ചെയ്യാൻ കഴിഞ്ഞു . ഓരോ പ്രവർത്തനങ്ങളും കഴിയുമ്പോഴും മികച്ച അഭിപ്രായമാണ് ലഭിച്ചത്. ഇതിൽ ഞങ്ങൾക്ക് അഭിമാനം തോന്നിയിരുന്നു. ഈ ക്യാമ്പിലൂടെ പുതിയ കൂട്ടുകാരെ പരിചയപ്പെടാനും കൂടുതൽ അറിവ് ശേഖരിക്കാനും കഴിഞ്ഞു. ആദ്യമായാണ് ഒരു ക്ലാസ് കഴിഞ്ഞതിന്റെ ഫീഡ്ബാക്ക് ഞാൻ പറയുന്നത്. ഇതിലൂടെ കൂടുതൽ ആത്മവിശ്വാസം ലഭിച്ചു. തികച്ചും വ്യത്യസ്തമായ അനുഭവമാണ് ഈ ക്യാമ്പിലൂടെ ലഭിച്ചത്.

**അനുസ്മയ.എം (9B)**

# വയലുകൾ

കൃഷിയുമായി ബന്ധപ്പെട്ടാണ് നമ്മുടെ സംസ്കാരം തന്നെ വളർന്നു വന്നത് . എന്നാൽ പല കാരണങ്ങൾ കൊണ്ടും കൃഷി ലാഭകരമല്ലാതായി. നെൽകൃഷി ചെയ്തിരുന്ന പല വയലുകളും നികത്തി കരയാക്കി. ഇപ്പോഴിവിടെ കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയുന്നു. ഇത് ലോക വികാസത്തിന്റെ ഭാഗമായി നാം കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ ഇത് കൊണ്ട് സംഭവിക്കുന്ന വലിയ ഒരു വിപത്തുണ്ട്. വയലുകൾ നമ്മുടെ തണ്ണീർത്തടങ്ങളായിരുന്നു . മഴപെയ്തിറങ്ങുന്നു വെള്ളം ഭൂമിയിൽ കിനിഞ്ഞിറങ്ങുകയും ഭൂമിയിലെ ജലം കിണറു കളിലേക്കും വരുന്നത് ഭൂഗർഭജലത്തിന്റെ അളവ് സന്തുലിതമായി നില നിർത്തും.അത്തരം വയലുകൾ നികത്തുമ്പോൾ നെൽകൃഷി ഇല്ലാതാവുകയും ഭക്ഷണക്ഷാമം അനുഭവപ്പെടുകയും ചെയ്യും എന്നതിനേക്കാൾ ശുദ്ധജല ലഭ്യത കുറയുകയും ചെയ്യുന്നു എന്നതാണ് ഏറെ പ്രശ്നമായി തീരുന്നത്. വയലുകൾ നികത്തി വീട്ടു വയ്ക്കുന്നതുമൂലം നമ്മുടെ കേരളം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിയും വരുന്നു.

ജ്യോത്സനരാജ്.ബി (6E)




# Motivation & goal setting


No one can teach you how to think, you must motivate yourself to learn how to learn! You are your own motivator. Your motivation must come from yourself. Others may try to encourage you, but you are the only one who can attain what you desire. You must convince yourself - you can!
Start with your surrounding and with positive people. They will encourage and nurture you. Stay away from negative people because they will discourage you and sabotage your dreams and goals.

If you don't know where you are going, you're likely to wind up somewhere else. Think of a goal as your final destination.

"MOTIVATION + GOAL = SUCCESS "

GET MOTIVATED AND SET YOUR GOALS!!!!

Faseela.J(9A)



# ശാപ പ്രളയം

മലകളെ തലോടി നീ

താഴ്ന്നിറങ്ങവേ

നിൻ അഴകിനെകവർന്നാസ്വദിച്ച

കയ്യില്ലാ നിൻ ജലം

കടലിൽപ്പോയി ഉപ്പായതോ

കാലം ഉപ്പായ കടലിന്നു,നിന്നിലൂടെ

ചുവപ്പുകുപ്പായം തുന്നിയോ?

മനുഷ്യജീവനിൽ നീ കളിതുടരുമ്പോൾ

ഏറ്റുവാങ്ങുന്നു നീ ശാപങ്ങളേറെ

അൻഷിബ.കെ (10D)



# സ്ത്രീ

പുഞ്ചിരിപ്പൂക്കളാൽ നിന്റെ
ദുഃഖം ഭസ്മമാക്കിയവൾ
അമ്മയായി ,ഭാര്യയായി ,പെങ്ങളായി
നിറഞ്ഞാടിയവൾ ......
കുരുക്ഷേത്രങ്ങൾ  സൃഷ്ടിച്ചവൾ
ലങ്കകൾ ഭസ്മമാക്കിയവൾ
സതിയായി എരിഞ്ഞടങ്ങിയവൾ
ശക്തയാണെങ്കിലും മൂകയാണവൾ.
അവഗണനകൾ ഏറ്റുവാങ്ങിയവൾ
ദുഷ്യന്തനാൽ വഞ്ചിക്കപ്പെട്ടവൾ
നിഷ്കരുണം വേട്ടയാടപ്പെട്ടവൾ
അടുക്കള പാവയായി മാറിയവൾ
അവളാണ് ......
അവൾ തന്നെയാണ് സ്ത്രീ..

ഷഹന ഷെയ്ഖ് .എസ് (9F)

# അറിവിന്റെ മായാജാലമായ കൈറ്റ്സ്

ലിറ്റിൽ കൈറ്റ്സ്, ഒരു  പറക്കുന്ന പട്ടം തന്നെയാണ്. ഞങ്ങളുടെ  കമ്പ്യൂട്ടർ സ്വപ്നങ്ങൾക്ക് പറക്കാൻ ചിറക് നൽകിയത് ലിറ്റിൽ കൈറ്റ്സ് എന്ന  ഐ.ടി കൂട്ടായ്മയാണ്. ലിറ്റിൽ കൈറ്റ്സ് ഞങ്ങൾക്ക് ഒരുപാട് അനുഭവങ്ങളാണ് നൽകിയത്. ഒരു ക്വിസ് മത്സരം പോലെയാണ് കൈറ്റ്സ് എന്ന കൂട്ടായ്മയിലെ അംഗങ്ങളെ തിരഞ്ഞെടുത്തത് . 25 ശതമാനത്തിന് മുകളിൽ മാർക്കുള്ള കുട്ടികളെയാണ് തിരഞ്ഞെടുത്തത് .ഭാഗ്യവശാൽ ഈ മത്സരത്തിൽ പങ്കെടുത്ത എല്ലാകുട്ടികൾക്കും ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മയിൽ പങ്കാളിയാകാൻ കഴിഞ്ഞു

ലിറ്റിൽ കൈറ്റ്സിലൂടെ animation pictures , projecter use ചെയ്യാനും,video editing ,graphics editing , video shooting , camenra  കൈകാര്യം ചെയ്യാൻ  തുടങ്ങി ഒരുപാട് കാര്യങ്ങൾ പഠിക്കാനും കഴിഞ്ഞു. ലിറ്റിൽ കൈറ്റ്സ് ഈ ഒരു വർഷത്തിൽ നല്ലൊരു അനുഭവമാണ് പകർന്നു തന്നത് .ഐ.ടി.മേഖലയുമായി ബന്ധപ്പെട്ട് കുറേ കാര്യങ്ങൾ ഞങ്ങൾക്ക് പഠിക്കാൻ കഴിഞ്ഞു. അത് കൂടാതെ  കുറേ കൂട്ടുകാരും അവരിലൂടെ നല്ലൊരു സൗഹൃദവുമാണ് ലഭിച്ചത്. കൈറ്റിലെ ഓരോ പ്രവർത്തനവും ഐ.ടി.മേഖലയിലേക്കുള്ള  പുതിയ കാൽവെപ്പായിരുന്നു. ഓരോ പ്രവർത്തനവും അതിന്റേതായ നോട്ടം ടീച്ചേർസ് വളരെ കൃത്യമായി എഴുതുകയും ചെയ്തിരുന്നു. എല്ലാ തിങ്കളാഴ്ചകളിലും  ക്ലാസ്  ഉണ്ടായിരുന്നു. ലിറ്റിൽ കൈറ്റ്സ് ക്യാമ്പുകളും ഉണ്ടായിരുന്നു. ക്യാമ്പുകൾ ശനിയാഴ്ചകളിലായതുകൊണ്ട്  തന്നെ പറഞ്ഞു തരുന്ന ഓരോ കാര്യങ്ങളും  വളരെ കൃത്യമായി  മനസ്സിലാക്കാനും  കമ്പ്യൂട്ടറിൽ ചെയ്തുനോക്കാനും  കഴിയുമായിരുന്നു .  എന്നിട്ടും  സംശയം വല്ലതും ഉണ്ടെങ്കിൽ ടീച്ചേഴ്സ്  ഇല്ലാത്ത സമയത്തു  ശരിയായി പറഞ്ഞുതരാൻ ഒരുപാട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ഐ.ടി.മേഖലയുമായി  ബന്ധപ്പെട്ട്  ഒന്നും  തന്നെ അറിയില്ലായിരുന്നു. പക്ഷെ, ഇതിൽ പഠിപ്പിച്ച ഓരോ കാര്യങ്ങൾക്ക് ശേഷമാണ് ഒന്ന് മനസ്സിലായത്,ഈ ലോകം ഒന്നിനോട്  ഒന്ന് ബന്ധപ്പെട്ടിരിക്കുന്നതിൽ ഐ.ടി.മേഖലക്കും ഒരു  പ്രധാന പങ്കുണ്ടെന്ന്.കൈറ്റിന്റെ നേതൃത്വം വഹിക്കുന്ന കേരളത്തിലെ  ഒരു  സ്കൂൾ തന്നെയാണ് നമ്മുടേത്.പൊതു വിദ്യാഭ്യാസ സംരക്ഷണ യത്നത്തിന്റെ  ഭാഗമായി  അനിമേഷൻ, സൈബർ സുരക്ഷാ, മലയാളം കമ്പ്യൂട്ടിംഗ്,  ഇലക്ട്രോണിക്സ്  തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ  കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. student  police cadet പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**അസ്ന ഫാത്തിമ.ഐ  (9B)**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# അധ്യാപകർ

'

"മാതാ,പിതാ,ഗുരു,ദൈവം". ഈ പഴംചൊല്ലിനെ തിരിച്ചുവായിച്ചാൽ ദൈവത്തിനുശേഷം ഞങ്ങൾ സ്നേഹിക്കുന്നതും ആരാധിക്കുന്നതും ഗുരുവിനെയാണ്. മാതാപിതാക്കളെ അനുസരിക്കാനും,

അച്ചടക്കവും മര്യാദകളും പഠിക്കുന്നതും അധ്യാപകർക്കൊപ്പമാണ്. നാം ഏറ്റവും കൂടുതൽ സമയം ചിലവഴിക്കുന്നത് അധ്യാപകരിലൂടെയാണ്. പഠിപ്പിക്കൽ എന്നത് ഏറ്റവും പ്രയാസകരമായ ഒരു ജോലിയാണ്. എന്നിട്ടും അവരുടെ പ്രയാസങ്ങളെല്ലാം മാറ്റിവെച്ച് നമ്മളെ പഠിപ്പിക്കുന്ന നമ്മുടെ അധ്യാപകരെ നമ്മൾ ഒരുപാട് സ്നേഹിക്കണം. നാം ഓരോരുത്തരും അധ്യാപകരെ സ്നേഹിക്കാനും ബഹുമാനിക്കാനും പഠിക്കേണ്ടതുണ്ട്. അധ്യാപകർക്ക് ഒരായിരം നന്ദി....

Students (9A)









# Photo Gallery








GHSS Muthalamada